അപ്രസക്തമാണ്. പേയിംഗ് ആയാലും നോൺ-പേയിംഗ് ആയാലും സ്റ്റേറ്റ് ഗസ്റ്റാണ്, ജനങ്ങളുടെ കണ്ണിൽ വി. ഐ. പി. യാണ്, ഉദ്യോഗസ്ഥൻമാരുടെ കണ്ണിലും വി. ഐ. പി. യാണ്. പ്രൊവിഷണൽ ആയിട്ട് നിശ്ചയിച്ച ഉദ്യോഗസ്ഥൻമാരും റെഗുലറായിട്ട് നിശ്ചയിച്ച ഉദ്യോഗസ്ഥൻമാരും ആ സ്ഥാനത്തിരിക്കുമ്പോൾ പ്രൊവിഷണലാണോ റെഗുലറാണോയെന്ന് നോക്കിയിട്ടാണോ അദ്ദേഹത്തെ ബഹുമാനിക്കുക. ഇത് സ്റ്റേറ്റ് ഗസ്റ്റാണ്. അങ്ങനെയാക്കിയത് ആരാണെന്നുള്ള പ്രശ്നം വന്നപ്പോൾ കഴിഞ്ഞദിവസം സഭ പിരിയുന്നതിനു മുമ്പായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുന്നേറ്റുപറഞ്ഞത് എനിക്ക് ഈ കാര്യവുമായിട്ട് യാതൊരു ബന്ധവുമില്ലായെന്നുള്ള നിലയിലാണ്. അദ്ദേഹം പറഞ്ഞതൊന്നും കടത്തിവെട്ടാനൊക്കുകയില്ല. പക്ഷേ ഇപ്പോൾ വെളുക്കാൻ തേച്ചത് പാണ്ടായിത്തീർന്നിരിക്കുകയാണ്. ഏതാണ്ട് തീർന്നതായിട്ടുള്ള സംഭവം. അന്ന് കേന്ദ്ര ഗവൺമെൻറ് അന്വേഷിക്കുമെന്നു പറഞ്ഞതിനുശേഷം ഇനിയെന്താണ് വേണ്ടതെന്നുള്ളകാര്യത്തെക്കുറിച്ച് എല്ലാവരും ആലോചിച്ചിരുന്ന സമയത്ത് മുഖ്യമന്ത്രി തന്നെ ഇത് തുറക്കാനായിട്ടുള്ള താക്കോൽ ഈ സഭയിലുള്ളതായ ഞങ്ങൾക്ക് തന്നിരിക്കുകയാണ്. അത് ഞങ്ങൾ ഉപയോഗിക്കുന്നു. ആ താക്കോൽ ഈ രാജ്യത്തിലെ പത്രക്കാരും ഉപയോഗിച്ചു. പത്രക്കാർ ഉപയോഗിച്ചതിന്റെ പേരിൽ രണ്ട് സംഗതികൾ പുതുതായിട്ട് വന്നു. ഒന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ബന്ധം, ഇവരെ സ്റ്റേറ്റ് ഗസ്റ്റാക്കുന്നതായിട്ടുള്ള ഓർഡറിലുണ്ട്. അതിന്റെ ഡീറെയിൽസ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. ഒരൊറ്റ വാക്കുപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല. ഇപ്പോൾ മുഖ്യമന്ത്രി ചോദിക്കുകയാണ് അതിന്റെ ഡീറെയിൽസ് അങ്ങോട്ടുകൊടുക്കാൻ. ഞങ്ങൾ എന്തിനാണ് കൊടുക്കേണ്ടതായിട്ടുള്ളത്. ആ ഡീറെയിൽസ് എല്ലാം പറഞ്ഞു അദ്ദേഹം ഇട്ടതായിട്ടുള്ള ഓർഡർ, അദ്ദേഹത്തോട് ചീഫ് സെക്രട്ടറി ചർച്ച ചെയ്തിട്ടുള്ള കാര്യം, ഇതൊന്നും അദ്ദേഹം നിഷേധിക്കാതിരിക്കെ യാതൊരു സംശയവുമില്ല, അദ്ദേഹമാണ് ഓർഡറിന്റെ കർത്താവ് എന്ന്. രണ്ടാമത്തെ കാര്യം കസ്റ്റംസ് ഉദ്യോഗസ്ഥൻമാരെ സ്വാധീനപ്പെടുത്താൻ പരിശ്രമിച്ചു. രണ്ട് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഈ സഭയിലെ രണ്ട് അംഗങ്ങളുംകൂടി അതിനു ശ്രമിച്ചുവെന്നു പറയുകയാണെങ്കിൽ അത് വളരെ തെറ്റാണ്. ഈ കാര്യത്തെപ്പറ്റി കാര്യമായ രീതിയിൽ ഒരന്വേഷണം വേണം. ഒരു നിയമസഭാ കമ്മിറ്റി അന്വേഷിക്കേണ്ടതാണ്. അത് ചെയ്യാൻ സാധിക്കുകയില്ലെന്നു പറഞ്ഞതിൽ പ്രതിഷേധിച്ചു ഞാനും എന്റെ പാർട്ടിയും സഭയിൽനിന്ന് വാക്കൗട്ട് നടത്തുകയാണ്. (ശ്രീ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

IV പ്രസ്താവന

1986 മാർച്ച് 18-ാം തീയതിയിലെ 31-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ശ്രീ. വി. ജെ. തങ്കപ്പന്റെ ചോദ്യത്തിന് നൽകിയ മറുപടി തിരുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന–

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റ്റി. എം. ജേക്കബ്) : സർ, 18-3-1986-ലെ 31-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ഞാൻ നൽകിയ മറുപടി അപൂർണ്ണമായിരുന്നു. സ്വകാര്യ വിദ്യാലയങ്ങളുടെ മാനേജ്മെൻറിന് നൽകുന്ന ഗ്രാൻറിന്റെ നിരക്കിൽ മാറ്റം വരുത്തിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങളിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ലെങ്കിലും വിനിയോഗത്തെ സംബന്ധിച്ചും ചില സന്ദർഭങ്ങളിൽ മാനേജ്മെന്റിൽ നിന്നും പണം തിരികെ പിടിക്കേണ്ട നടപടികളെ സംബന്ധിച്ചും കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ 1984-ൽ ഭേദഗതികൾ വരുത്തിയിരുന്നു. ബഹുമാനപ്പെട്ട ചോദ്യകർത്താവ് ഉന്നയിച്ച ഉപചോദ്യത്തിന് ഗവൺമെന്റ് ഉത്തരവ് എന്താണെന്ന് പരിശോധിയ്ക്കാമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പു നൽകിയിരുന്നതുമാണ്. അന്നുതന്നെ ഇക്കാര്യം പരിശോധിയ്ക്കുകയും ഉത്തരം അതിന് അപൂർണ്ണമായിരുന്നു എന്ന് കാണുകയും ആ വിവരം അന്നുതന്നെ ബഹുമാനപ്പെട്ട സ്പീക്കറെ അറിയിക്കുകയും ചെയ്തിരുന്നു. എനിക്ക് ഔദ്യോഗികമായി ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയത്. സഭയെ തെറ്റിദ്ധരിപ്പിക്കുവാനോ, മനഃപൂർവ്വമായി എന്തെങ്കിലും സഭയുടെ ശ്രദ്ധയിൽനിന്നും മറച്ചു വയ്ക്കുവാനോ ഞാൻ ഉദ്ദേശിച്ചിരുന്നില്ല. ഇങ്ങനെയൊരുത്തരം നൽകേണ്ടി വന്നതിൽ ഞാൻ സഭയുടെ മുമ്പാകെ ഖേദം പ്രകടിപ്പിക്കുന്നു, ഭേദഗതി വരുത്തിയ രൂപത്തിലുള്ള ഉത്തരം നൽകുകയും ചെയ്യുന്നു.

ചോദ്യം

(എ) സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാൻറ് നൽകുന്നതിനെ സംബന്ധിച്ച റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതിയനുസരിച്ച് വിദ്യാലയങ്ങൾക്ക് ഗ്രാൻറ് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സ്വകാര്യ വിദ്യാലയങ്ങൾക്ക് നൽകുന്ന ഗ്രാൻറിന്റെ നിരക്കിൽ മാറ്റം വരുത്തിക്കൊണ്ട് 1979-ന് ശേഷം ഇതുവരെയും ചട്ടങ്ങളിൽ യാതൊരും ഭേദഗതിയും വരുത്തിയിട്ടില്ല. എന്നാൽ വിനിയോഗത്തെ സംബന്ധിച്ചും ചില സന്ദർഭങ്ങളിൽ മാനേജ്മെന്റിൽനിന്നും പണം തിരികെ പിടിക്കേണ്ടതിനെ സംബന്ധിച്ചും കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ 1984-ൽ നാല് ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അവയുടെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഇതിനെ സംബന്ധിച്ച് കുറെക്കൂടി കാര്യങ്ങൾ എലിസിറ്റ് ചെയ്യേണ്ട കാര്യമുണ്ട്. അതുകൊണ്ട് അങ്ങ് എനിക്ക് സംസാരിക്കുന്നതിന് അഞ്ചുമിനിട്ട് സമയം തരണം.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് ഒരു ക്ലിയർ നടപടിക്രമം ചെയർ ഉണ്ടാക്കുകയാണ്. ഇവിടെ നേരത്തേ നൽകിയ റൂളിംഗ് അത്ര ക്ലിയറല്ല. അതുകൊണ്ട് ലോകസഭാ പ്രൊസീഡിയറിൽ നമ്മുടെ ശക്തർ ആൻറ് കൗൺ കൃത്യമായിട്ടുള്ള ഒരു നടപടിക്രമം പറഞ്ഞിട്ടുണ്ട്. ആ നടപടിക്രമം അനുസരിച്ചാണ് ഇപ്പോൾ നമ്മൾ പ്രൊസീഡ് ചെയ്യുന്നത്. അതനുസരിച്ച് ബഹുമാനപ്പെട്ട അംഗത്തിനും ഈ പ്രശ്നത്തെ സംബന്ധിച്ച് ചോദ്യം ചെയ്യാൻ ആഗ്രഹിക്കുന്ന മറ്റ് അംഗങ്ങൾക്കും ചെയറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം നൽകുന്നതാണ്. നാളെ സാധാരണ ചോദ്യോത്തര സമയം കഴിഞ്ഞ് 9.30 കഴിഞ്ഞ് 9.35 വരെ, അതായത് അഞ്ച് മിനിട്ട് ഇതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്.

V റിപ്പോർട്ട് സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തിയേഴുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. പി. പി. തങ്കച്ചൻ : സർ, പൊതു മേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 28 മുതൽ 37 വരെയുള്ള റിപ്പോർട്ടുകൾ പൊതുമേഖലാസ്ഥാപനങ്ങളുടെ സമിതിയുടെ ചെയർമാനുവേണ്ടി അംഗം എന്നനിലയിൽ ഞാൻ സമർപ്പിക്കുന്നു.

(2) സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാലാമതു റിപ്പോർട്ട്

Shri M. V. Mani : Sir I present the Fourteenth Report of the Committee on Subordinate Legislation.

VI ഗവർണ്ണറുടെ സന്ദേശം

മി. സ്പീക്കർ : കേരളാ നിയമസഭയുടെ നടപടി ക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 15 (7) ചട്ടപ്രകാരം ഗവർണ്ണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I am greatly pleased with your motion of thanks for the address with which I opened the 11th Session of Seventh Kerala Legislative Assembly on Friday, the 14th March 1986.

VII ധനകാര്യം

1986-87-ലെ സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിനെപ്പറ്റി പൊതു ചർച്ച.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. എം. ഹംസക്കുഞ്ഞ് : സർ, ഐക്യ ജനാധിപത്യ മുന്നണിക്കുവേണ്ടി ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. കൂടുതൽ നികുതിഭാരങ്ങൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാതെയും നികുതി ഘടനയിൽ മാറ്റം വരുത്തിക്കൊണ്ട് കൂടുതൽ വരുമാനം കണ്ടെത്തുകയും, എല്ലാ ജനവിഭാഗങ്ങൾക്കും ആശ്വാസം പകർന്നുകൊണ്ടുള്ള ഒരു മിച്ച് ബഡ്ജറാണ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ പരിതസ്ഥിതിയിൽ ഇതിനേക്കാൾ നല്ല ഒരു ബഡ്ജറ് അവതരിപ്പിക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. നമ്മുടെ സംസ്ഥാനത്ത് രാഷ്ട്രീയ അനിശ്ചിതത്വത്തിലും സ്തംഭനത്തിലും തകർന്നു തരിപ്പണമായിപ്പോകുമെന്ന് കണക്കാക്കിയിട്ടുള്ള ആളുകൾക്ക് ഒരു മറുപടിയാണ് ഈ ബഡ്ജറ്.

LIBRARY ARCHIVES Kerala Legislative Assembly